**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **18-03-2022 - ൽ മറുപടിയ്ക്ക്**

**ലാപ്ടോപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിദ്യാത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകളും ടാബുകളും ഫോണുകളും വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ലാപ്ടോപ്പ്, ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജറ്റുകൾ പട്ടികവർഗ ഉപപദ്ധതി വിഹിതം/തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സർക്കാർ ഉത്തരവ് (സാധാ) നം. 1197/2021/ തസ്വഭവ തീയതി 23/06/2021 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം.3134/21/പൊ.വി.വ തീയതി 25/06/2021 പ്രകാരം KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി KITE-നേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്തതെന്നും ഇനി എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നുമുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | സംസ്ഥാനത്തെ എല്ലാ പട്ടിക വർഗ കോളനികളും വൈദ്യുതീകരിക്കാനും ഇവിടങ്ങളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പട്ടികവർഗ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് 11.5844 കോടി രൂപ KSEB-ക്ക് അനുവദിക്കുകയും ആയത് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കാത്ത കോളനികളുടെ വൈദ്യുതീകരണത്തിന് KSEB-യുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ കോളനികളിൽ നെറ്റ് കണക്ടിവിറ്റിയില്ലാത്ത 956 കോളനികളെ കണ്ടെത്തുകയും അതിൽ 458 കോളനികളിൽ നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നെറ്റ് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് BSNL മുഖേന |

| | | | |
|---|---|---|---|
| | | | ലഭ്യമായ എസ്റ്റിമേറ്റുകൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ